**മൂന്നാറിൽ നീലക്കുറിഞ്ഞി പൂവിടുന്നതുമായി ബന്ധപ്പെട്ട് പ്രതീക്ഷിക്കുന്ന ടൂറിസം സീസണിൽ മലിനീകരണം നിയന്ത്രിക്കുന്നതിനായി നടപ്പിലാക്കേണ്ട കർമ്മ പദ്ധതി ആവിഷ്ക്കരിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ബോർഡ് ചെയർമാൻ 23.06.2018 ൽ എറണാകുളം റിജീയണൽ ഓഫീസിൽ വിളിച്ചുചേർത്ത യോഗത്തിന്റെ നടപടി കുറിപ്പുകൾ**

യോഗം 12.00–ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. മൂന്നാറിൽ നീലക്കുറിഞ്ഞി പൂവിടുന്നതുമായി ബന്ധപ്പെട്ട് പ്രതീക്ഷിക്കുന്ന ടൂറിസം സീസണിൽ മലിനീകരണം നിയന്ത്രിക്കുന്നതിനായി നടപ്പിലാക്കേണ്ട കർമ്മ പദ്ധതി ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ചായിരുന്നു ചർച്ചായോഗം സംഘടിപ്പിച്ചത്. വിശദമായ ചർച്ചയ്ക്ക് ശേഷം നീലക്കുറിഞ്ഞി പൂവിടുന്ന സീസണിൽ ബോർഡ് നടപ്പിലാക്കേണ്ട താഴെപ്പറയുന്ന കർമ്മപദ്ധതികൾ രൂപീകരിച്ചു.

1. ബോർഡിന്റെ ഒരു ക്യാമ്പ് ഓഫീസ് മൂന്നാറിൽ 2018 ജൂലൈ 15 മുതൽ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ഇടുക്കി ജില്ലാ ഓഫീസിൽ നിന്നും ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ടു NAMP/SAMP Operator എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് 24 മണിക്കൂർ പ്രവർത്തിക്കുന്ന ഓഫീസ് ആരംഭിക്കുന്നതിനും തീരുമാനിച്ചു.
2. ഓഫീസ് പ്രവർത്തനങ്ങൾക്കായി സർവൈലൻസ് വെഹിക്കിൾ ലഭ്യമാക്കുന്നതിനും ഇതിനോടൊപ്പം പോർട്ടബിൾ റിയൽ ടൈം മോണിറ്ററിംഗ് ഉപകരണങ്ങൾ പി.എം.2.5. അനലൈസർ എന്നിവ ലഭ്യമാക്കുന്നതിനും തീരുമാനിച്ചു.
3. മൂന്നാറിൽ നിലവിലുള്ള മോണിട്ടറിംഗ് സ്റ്റേഷനുകളിൽ ദിവസേന ജലസാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിന് തീരുമാനിച്ചു.
4. ദേവികുളം താലൂക്കിൽ പ്ലാസ്റ്റിക് ഡിസ്പോസിബിൾ സാധനങ്ങൾ, PET ബോട്ടിലിൽ പാക്കേജ്ഡ് കുടിവെള്ളത്തിന്റെ ഉപയോഗം എന്നിവ നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.
5. പ്ലാസ്റ്റിക് വേസ്റ്റിന്റെ മലിനീകരണം തടയുന്നതിനായി നേര്യമംഗലം പാലത്തിനുസമീപം ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നതിനും നിയമം ലംഘിക്കുന്നവരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നിർദ്ദേശം പഞ്ചായത്ത് അധികൃതർക്ക് നൽകുന്നതിനും തീരുമാനിച്ചു.

6. ഖരദ്രവമാലിന്യ സംസ്കരണം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ റിസോർട്ടുകൾ,ഹോട്ടലുകൾ, ഹോംസ്റ്റേകൾ എന്നിവയ്ക്കും മാലിന്യസംസ്കരണം സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുന്നതിന് പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു. ഇവയുടെ വിശദാംശങ്ങൾ ജില്ലാകളക്ടർ,ഡി.എഫ്.ഒ.,ഡി.റ്റി.പി.സി. എന്നിവർക്കും നൽകുന്നതിന് തീരുമാനിച്ചു.

7. പ്രധാന ടൂറിസ്റ്റ് മേഖലകളിൽ എൻ.എസ്.എസ്. വാളണ്ടിയർമാർ, കോളേജ് വിദ്യാർത്ഥികൾ എന്നിവരുടെ സഹായത്തോടെ ബോധവത്ക്കരണം നടത്തുന്നതിനും തീരുമാനിച്ചു.

യോഗം 1. 10 പി.എം.–ന് പര്യവസാനിച്ചു.

ചെയർമാൻ

<u>യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ</u>

1. ശ്രീ. കെ.സജീവൻ, ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
2. ശ്രീ. റ്റി.എ. തങ്കപ്പൻ, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
3. ശ്രീ.എം.എ.ബൈജു, ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ,മേഖലാ ഓഫീസ്, എറണാകുളം
4. ശ്രീ. കെ.ജി. സജീവ്, സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ, വിജിലൻസ് ആന്റ് സർപ്രൈസ് സ്ക്വാഡ്, തിരുവനന്തപുരം
5. ശ്രീ. വി.റ്റി.സജിമോൻ, എൻവയോൺമെന്റൽ സയന്റിസ്റ്റ്, സെൻട്രൽ ലബോറട്ടി, എറണാകുളം
6. ശ്രീ. എബി വറുഗീസ്, എൻവയോൺമെന്റൽ എഞ്ചിനീയർ, ഇടുക്കി
7. ശ്രീ. ജി. എം. ചിറയിൽ, അസിസ്റ്റന്റ് എൻവയോൺമെന്റൽ എഞ്ചിനീയർ, ഇടുക്കി